(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന പദ്ധതി വിഹിതത്തിൽ ഉൽപ്പാദനം, പശ്ചാത്തലം, സേവനം എന്നീ മേഖലകൾക്ക് വകയിരുത്താവുന്ന തുകയുടെ മാനദണ്ഡം നിശ്ചയിച്ചു നൽകുകയാണ് ചെയ്തിട്ടുള്ളത്. ത്രിതല പഞ്ചായത്തുകൾ പൊതുവിഭാഗം പദ്ധതി വിഹിതത്തിന്റെ 40 ശതമാനവും നഗരസഭാ സ്ഥാപനങ്ങൾ പൊതുവിഭാഗം പദ്ധതി വിഹിതത്തിന്റെ 20 ശതമാനവും ഉൽപാദന മേഖലയ്ക്ക് ചെലവഴിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. അതു പ്രകാരം 1997-98-ൽ ഏകദേശം 250 കോടി രൂപയും 1998-99-ൽ 380-യിൽപരം കോടി രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൽപ്പാദനമേഖലയ്ക്കു നിക്ഷേപിച്ചിട്ടുണ്ടെന്ന് കണക്കാക്കുന്നു.

(ഡി) പ്രതിവർഷം ആറ് ലക്ഷത്തോളം കൃഷിക്കാർക്ക് വിത്ത്, വളം, കീടനാശിനികൾ, നടീൽ വസ്തുക്കൾ എന്നിവയുടെ വിതരണം, 3.15 ലക്ഷം ഏക്കർ ഭൂമിയിൽ അധിക വിളയിറക്കൽ, 59211 പമ്പ് സെറ്റുകളും 4431 ട്രാക്ടറുകളും ടില്ലറുകളും വിതരണം, 2.74 ലക്ഷം പശു, ആട് തുടങ്ങിയ മൃഗങ്ങളുടെയും 18.67 ലക്ഷം കോഴിക്കുഞ്ഞുങ്ങളുടെയും വിതരണം എന്നിവയാണ് ജനകീയാസൂത്രണത്തിന്റെ ആദ്യത്തെ മൂന്ന് വാർഷിക പദ്ധതികളിലെ ഉൽപ്പാദന മേഖലയിലെ ഭൗതിക നേട്ടങ്ങളിൽ പ്രധാനം. അതിന്റെ ഫലമായി കാർഷിക വിളകൾ, പച്ചക്കറി, മുട്ട, പാൽ തുടങ്ങിയവയുടെ ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഇ) ജനകീയാസൂത്രണത്തിന്റെ ആദ്യത്തെ മൂന്ന് വാർഷിക പദ്ധതി കളിലായി 3.06 ലക്ഷം വീടുകൾ, 4.13 ലക്ഷം കക്കൂസുകൾ, 90,022 ചതുരശ്ര മീറ്റർ സ്കൂൾ കെട്ടിടങ്ങൾ, 93549 ചതുരശ്രമീറ്റർ ആശുപത്രി കെട്ടിടങ്ങൾ, 1,11,860 ചതുരശ്രമീറ്റർ ഓഫീസ് കെട്ടിടങ്ങൾ, 56239 ചതുരശ്രമീറ്റർ മാർക്കറ്റിംഗ് കോംപ്ലക്സുകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. ഇവയെല്ലാം സേവന പശ്ചാത്തല മേഖലകളിലെ മൂലധന നിക്ഷേപംമൂലം ഉണ്ടായിട്ടുള്ള വർദ്ധനവാണ്. അതിന്റെ ശതമാനതോത് കണക്കാക്കിയിട്ടില്ല.

(എഫ്) ജനകീയാസൂത്രണ പ്രകാരം ഉൽപ്പാദന രംഗത്ത് ദീർഘകാല പ്രയോജനം ലഭിക്കാവുന്ന പരിപാടികളാണ് നടപ്പാക്കി വരുന്നത്. അതിനാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് മുരടിപ്പ് ഉണ്ടാകാനുള്ള സാദ്ധ്യതയില്ല.

സർക്കാരിന്റെ വരവ് ചെലവ് കണക്ക്

48 (49) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഓരോ വർഷവും സർക്കാരിന്റെ വരവും ചെലവും എത്ര വീതമായിരുന്നു ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നു ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2001 ജനുവരി 31 വരെ സംസ്ഥാനത്തിന്റെ പൊതു കടം എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോകബാങ്ക്, ഏഷ്യൻ വികസന ബാങ്ക്, മറ്റ് ഏജൻസികൾ എന്നിവിടങ്ങളിൽ നിന്ന് വായ്പ ലഭിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ എത്ര കോടി വീതമെന്ന് വെളിപ്പെടുത്താമോ ;

(എഫ്) പ്രസ്തുത വായ്പകൾ ലക്ഷ്യമിട്ടിരുന്ന ഇനങ്ങൾക്ക് തന്നെ ചെലവാക്കുകയുണ്ടായോ ; വിശദമാക്കാമോ ;

(ജി) വകമാറ്റി ചെലവാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ)

വർഷം	വരവ്	ചെലവ് (തുക കോടിയിൽ)
1996-97	7372.14	8055.75
1997-98	8675.34	10091.06
1998-99	11239.15	12752.01
1999-2000	13925.37	16896.09

(ബി) 10113.54 കോടി രൂപ.

(സി) അക്കൗണ്ടന്റ് ജനറൽ കണക്കുകൾ പൂർത്തിയാക്കിയിട്ടില്ല.

(ഡി&ഇ) ലോകബാങ്ക്, ഏഷ്യൻ ഡെവലപ്പ്മെന്റ് വികസന ബാങ്ക്, തുടങ്ങിയ ഏജൻസികളുമായി ചർച്ച നടന്നു വരുന്നു. സഹായം ലഭിച്ചിട്ടില്ല.

(എഫ്&ജി) ചോദ്യം ഉദിക്കുന്നില്ല.

പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് പ്രസിദ്ധീകരണങ്ങൾ

49 (50) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് മുഖേന വിവിധ വകുപ്പുകളുടെ നേട്ടങ്ങൾ വിലയിരുത്തികൊണ്ട് പ്രസിദ്ധീകരണങ്ങൾ അച്ചടിച്ചിരുന്നുവോ ;

(ബി) ഓരോ പ്രസിദ്ധീകരണത്തിന്റെയും പേര് എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിന് ഗവൺമെന്റ് ആകെ എത്ര രൂപയാണ് ചെലവാക്കിയതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly